# ‘ദൈവേഷ്ടം’

## മത്തായി 6:10

“നിന്റെ രാജ്യം വരേണമേ നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകേണമേ.”

എല്ലാവർക്കും മന:പാഠമായ കർതൃപ്രാർത്ഥനയുടെ ഒരു ഭാഗമാണ് ഈ വാക്യം. എന്നാൽ യഥാർത്ഥമായ അർഥം ഉൾക്കൊണ്ടു കൊണ്ടാണോ നമ്മൾ ഇത് പ്രാർത്ഥിക്കുന്നത്? നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ എന്നു പ്രാർത്ഥിക്കുമ്പോൾ പൂർണ്ണമായും ദൈവഹിതത്തിനായുള്ള ഒരു സമർപ്പണമാണ് അവിടെ നടക്കുന്നത്. സ്വർഗ്ഗത്തിൽ ദൈവത്തിന്റെ ഹിതം മാത്രമാണ് നടക്കുന്നത്. എന്നാൽ ഭൂമിയിൽ ഇത് എത്രമാത്രമാണ് പ്രാവർത്തികമാകുന്നത്. ദൈവമക്കൾ എന്നു പറയുന്നവർ പോലും സ്വന്ത ബുദ്ധിയിലും, കഴിവിലും ഒക്കെ ആശ്രയിച്ച് പരാജയപ്പെടുമ്പോൾ മാത്രമാണ് ദൈവത്തിന് സമർപ്പിക്കുന്നത്.

എന്നാൽ തന്റെ ഓരോ സൃഷ്ടിയെപ്പറ്റിയും സൃഷ്ടാവിന് വ്യക്തമായ പദ്ധതികളുണ്ട്. അത് നിറവേറ്റപ്പെടാൻ വേണ്ടി പൂർണ്ണമനസ്സോടെ നാം നമ്മെ തന്നെ സമർപ്പിച്ചു കൊടുക്കേണം. അത് ഗതികേടു കൊണ്ടോ, നിർബന്ധം കൊണ്ടോ, മനസ്സില്ലാ മനസ്സോടെയോ ആകരുത്. കാരണം നമ്മെക്കുറിച്ചുള്ള ദൈവീകപദ്ധതി നമ്മുടെ ചിന്തകളേക്കാൾ ഉപരിയാണ്. അത് നന്മകളാൽ പരിപൂർണ്ണമായതാണ് എന്ന് വചനം പറയുന്നു. അതുകൊണ്ട് സന്തോഷത്തോടെ വേണം നമ്മൾ ഈ പ്രാർത്ഥന പ്രാർത്ഥിക്കേണ്ടത്. അതിനായി സദാ പൂർണ്ണ ഒരുക്കമുള്ളവരും ആയിരിക്കേണം. ഇടയ്ക്കുവച്ച് പിന്തിരിഞ്ഞു പോകുന്നവരോ സ്വന്തം ഹിതം തിരയുന്നവരോ ആകരുത്. പ്രതിസന്ധികൾ ക്ഷണികമായവയാണെന്നും ആത്യന്തികമായി നമ്മുടെ നന്മ മാത്രമേ ദൈവം ആഗ്രഹിക്കുന്നുള്ളൂ എന്നു നാം മനസ്സിലാക്കണം. ഈ സത്യം മനസ്സിലാക്കിക്കൊണ്ട് ഈ പ്രാർത്ഥന ചൊല്ലുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

**പരാമർശം**
**സങ്കീർത്തനങ്ങൾ 40:8**

**“എന്റെ ദൈവമേ നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ പ്രിയപ്പെടുന്നു. നിന്റെ ന്യായപ്രമാണം എന്റെ ഉള്ളിൽ ഇരിക്കുന്നു.”**

**സിസ്റ്റർ. നിനു ബിനു ബേബി ആലപ്പുഴ 044**